# പട്ടാമ്പി പ്രാദേശിക കാർഷികഗവേഷണ കേന്ദ്രം വിള മൽസരം സംഘടിപ്പിക്കുന്നു.

ഇനങ്ങളുടെ വൈവിധ്യവും കൃഷിരീതികളുടെ പ്രത്യേകതകളും കൊണ്ട് കേരളത്തിലെ നെൽകൃഷി അന്യാദൃശമാണ്. ഉല്പാദനക്ഷമതയിലും ഈ അന്തരം പ്രകടമാണ്. ഓരോ മേഖലയിലും ഏറ്റവും കൂടുതൽ ഉല്പാദനക്ഷമത കൈവരിക്കുന്ന കർഷകരെ കണ്ടെത്തുന്നതിനായി പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം നെൽകൃഷിയിൽ ഒരു വിളമൽസരം സംഘടിപ്പിക്കുന്നു. വളർച്ചയുടെ 9 ദശാബ്ദങ്ങൾ പിന്നിട്ട ഗവേഷണ കേന്ദ്രത്തിന്റെ നവതി ആഘോഷങ്ങളുടെ ഭാഗമായാണ് വിള മൽസരം സംഘടിപ്പിക്കുന്നത്. 2018-19 കാലത്ത് (2019 മെയ് മാസം വരെ) കേരളത്തിൽ നടത്തുന്ന നെൽകൃഷിയാണ് മൽസരത്തിന് പരിഗണിക്കുന്നത്. മൽസരത്തിൽ പങ്കെടുത്ത് വിജയികളാവാൻ കേരളത്തിലെ നെൽകർഷകരെ ക്ഷണിക്കുന്നു. രജിസ്ട്രേഷൻ ഫോറത്തിന്റെ മാതൃകയും നിയമാവലിയും **www.kau.in, rarsptb.kau.in** എന്നീ വെബ്സൈറ്റുകളിൽ ലഭിക്കും.